**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1029** **18-09-2025 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മനുഷ്യ – വന്യജീവി സംഘർഷം മൂലമുള്ള കഷ്ടനഷ്ടങ്ങൾക്ക് വനം വകുപ്പ് നഷ്ടപരിഹാരം നൽകുന്നത് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരമാണ്. ഇതിന്റെ ഭാഗമായുള്ള 05/04/2018-ലെ സ.ഉ. (കൈ) നം. 17/2018/വനം, 25/10/2022-ലെ സ.ഉ. (കൈ) നം. 50/2022/വനം, 20/01/2024-ലെ സ.ഉ. (കൈ) നം. 03/2024/വനം എന്നിവ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നിലവിൽ നഷ്ടപരിഹാരം നൽകി വരുന്നു. ടി ഉത്തരവുകൾ പ്രകാരം ജീവഹാനി സംഭവിക്കുന്ന വ്യക്തികളുടെ നിയമപരമായ അവകാശികൾക്ക് 10 ലക്ഷം രൂപയാണ് നൽകിവരുന്നത്. സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്ക് ഏല്ക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക, പരമാവധി ഒരു ലക്ഷം രൂപ വരെയും അനുവദിച്ചുവരുന്നു. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാ ചെലവ് മുഴുവനായും അനുവദിച്ചു വരുന്നു. സ.ഉ.(കൈ) നം. 02/2015/വനം തീയതി 08/01/2015 പ്രകാരം കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നു.<br>സ.ഉ.(സാധാ) നം. 304/2025/DMD തീയതി 09/05/2025 പ്രകാരം മനുഷ്യ-വന്യജീവി സംഘർഷ ബാധിതർക്കുള്ള നഷ്ടപരിഹാരം വിതരണം ചെയ്യുന്ന രീതിയും പാമ്പുകടി, തേനീച്ച / കടന്നൽ കുത്ത് എന്നിവമൂലം മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തുകയും പരിഷ്കരിച്ചിട്ടുണ്ട്. വനത്തിന് പുറത്ത് പാമ്പുകടിയേറ്റോ തേനീച്ച / കടന്നൽ എന്നിവയുടെ കുത്തേറ്റോ സംഭവി-ക്കുന്ന ജീവഹാനിക്ക് നൽകുന്ന നഷ്ടപരിഹാരം നാല് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തുകയാണ് നഷ്ടപരിഹാരമായി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | 2021-22 മുതൽ 31/07/2025 വരെ നഷ്ടപരിഹാരയിനത്തിൽ നൽകിയിട്ടുള്ള തുക ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ